(ബി) കൃഷി ഭവൻ വഴിയുള്ള നാളികേര സംഭരണം ഫലപ്രദമാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) നാളികേരം സംഭരിക്കുന്നതിനും കർഷകർക്ക് മാന്യമായ വില നൽകുന്നതിനും തയ്യാറാകുമോ;

(ഡി) നാളികേര കർഷകരെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷി ഭവൻ വഴിയുള്ള നാളികേര സംഭരണം ഫലപ്രദമാകുന്നതായാണ് അറിയുവാൻ സാധിച്ചിട്ടുള്ളത്.

(സി) സംസ്ഥാന കൃഷിവകുപ്പും കേരഫെഡും സംയുക്തമായി തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ പച്ച നാളികേരം സംഭരിക്കുന്നുണ്ട്. പൊതുവിപണിയിൽ നാളികേരത്തിന് കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കൃഷി ഭവൻ വഴി കേരഫെഡ് നാളികേരം സംഭരിക്കുന്നത്.

(ഡി) നാളികേര കൃഷിയുടെ സംയോജിത വികസനത്തിനും നാളികേര കർഷകരെ സംരക്ഷിക്കുന്നതിനുമായി കേരഗ്രാമം, കേരസമൃദ്ധി എന്നീ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

സംയോജിത ഭക്ഷ്യവിള ഉൽപ്പാദന പദ്ധതി

187 (1562) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന സംയോജിത ഭക്ഷ്യവിള ഉൽപ്പാദന പദ്ധതിക്കായി ഓരോ വർഷവും നീക്കിവച്ച തുക എത്രയായിരുന്നു;

(ബി) പ്രസ്തുത വർഷങ്ങളിൽ എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംയോജിത ഭക്ഷ്യവിള ഉൽപ്പാദന പദ്ധതിയിൽ നെൽകൃഷി വികസനം, പച്ചക്കറി വികസനം, പയർവർഗ്ഗ-കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സാമ്പത്തിക വർഷം	സംയോജിത ഭക്ഷ്യവിള പദ്ധതിക്കായി ബഡ്ജറ്റിൽ നീക്കി വച്ച തുക (ലക്ഷം രൂപയിൽ)	ചെലവഴിച്ച തുക (ലക്ഷം രൂപയിൽ)
1	2012-13	10006.70	9966.69
2	2013-14	11250.00	10839.12
3	2014-15	10352.00	9826.02
4	2015-16	10382.00	7210.52 (31-1-2016 വരെ)

നാളികേര ബയോ പാർക്ക്

188 (1563) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ജില്ലാകൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിന് ശിലാസ്ഥാപനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ശിലാസ്ഥാപനം നടത്തി രണ്ട് വർഷം പൂർത്തിയാകാൻ പോകുമ്പോഴും പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ പറയാമോ;

(ഡി) നബാർഡിൽ നിന്നും ഈ പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചതിനുശേഷം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly